DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

12-11-2019

# കാർഷികമേഖലാവാർത്തകൾ

## സബ്സിഡിയോടെ കാർഷിക യന്ത്രങ്ങൾ വാങ്ങാൻ ഇപ്പോൾ അപേക്ഷിക്കാം

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാർഷിക യന്ത്രവത്കരണ ഉപപദ്ധതിയിലൂടെ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും 40 മുതൽ 80 ശതമാനം വരെ സബ്സിഡിയോടെ സ്വന്തമാക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ കർഷകർക്കും, കർഷകത്തൊഴിലാളികൾക്കും, കർഷക ഗ്രൂപ്പുകൾക്കും, സംരംഭകർക്കും ഇപ്പോൾ അപേക്ഷിക്കാം. രജിസ്ട്രേഷൻ, യന്ത്രങ്ങൾക്ക് വേണ്ടി അപേക്ഷിക്കൽ, ഡീലർമാരെ തിരഞ്ഞെടുക്കൽ, അപേക്ഷയുടെ തൽസ്ഥിതി അറിയൽ, സബ്സിഡി ലഭിക്കൽ എന്നിങ്ങനെ പദ്ധതിയുടെ എല്ലാ ഘട്ടങ്ങളും ഓൺലൈനായി സംവിധാനം ചെയ്തിരിക്കുന്നതിനാൽ ഗുണഭോക്താക്കൾക്ക് സ്വന്തമായി തന്നെ ഓഫീസുകളിൽ പോകാതെ അപേക്ഷിക്കുകയും ചെയ്യാം. പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന നിർമ്മാതാക്കളുടേയും വിതരണക്കാരുടെയും ഇടയിൽ നിന്ന് താത്പര്യമുള്ള യന്ത്രം വിലപേശി സ്വന്തമാക്കുവാനും ഈ പദ്ധതി ഗുണഭോക്താക്കൾക്ക് അവസരം നൽകുന്നതായി കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഇഞ്ചിനീയർ അറിയിച്ചു. പദ്ധതിയുടെ വിശദാംശങ്ങൾ അറിയുന്നതിനും, രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കുന്നതിനും agrimachinery.nic.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

ആദ്യം അപേക്ഷിക്കുന്നവർക്ക് ആദ്യം എന്ന രീതിയിലാണ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട സംശയ നിവാരണങ്ങൾക്കും സഹായങ്ങൾക്കും ജില്ലയിലെ കൃഷിഭവനുകളിലോ, തിരുവനന്തപുരം ആനയറയിലുള്ള കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഇഞ്ചിനീയർ ഓഫീസിലോ ബന്ധപ്പെടാവുന്നതാണ്. ബന്ധപ്പെടേണ്ട നമ്പർ: 0471-2743820.

## മൃഗസംരക്ഷണ പരിശീലന പരിപാടി

ഇടുക്കി ജില്ലയിലെ വാഗമൺ ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ തൊടുപുഴ പിഡബ്ല്യുഡി റെസ്റ്റ് ഹൗസിൽ വച്ച് ഈ മാസം 15,16 തീയതികളിൽ **ആടുവളർത്തൽ** എന്ന വിഷയത്തിൽ കർഷകർക്ക് സൗജന്യ പരിശീലനം നൽകുന്നു. താത്പര്യമുള്ളവർ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കും. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കുമായി ബന്ധപ്പെടേണ്ട നമ്പർ : 9447979697, 7907867453.

## മണ്ണ് സംരക്ഷണവകുപ്പ് ലോക മണ്ണ് ദിനത്തോടനുബന്ധിച്ച് മത്സരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു

2019 ഡിസംബർ 5 ലോക മണ്ണ് ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി നവംബർ 22 ന് തിരുവനന്തപുരം പാറോട്ടുകോണത്തുള്ള സംസ്ഥാന സോയിൽ മ്യൂസിയത്തിൽ വച്ച് ഹൈസ്കൂൾ/ഹയർ സെക്കന്ററി കുട്ടികൾക്കായി ഉപന്യാസ രചന

(ഇംഗ്ലീഷ്, മലയാളം), കൃഷി, മണ്ണ് അനുബന്ധ വിഷയങ്ങളിൽ ക്വിസ്, ഒന്നാം ക്ലാസു മുതൽ അഞ്ചാം ക്ലാസുവരെ/ആറാം ക്ലാസുമുതൽ പത്താം ക്ലാസു വരെ/ ഹയർസെക്കന്ററി/കോളേജ് വിദ്യാർത്ഥികൾക്കായി വാട്ടർ കളർ പെയിന്റിംഗ് എന്നിവയിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. താത്പര്യമുള്ള വിദ്യാർത്ഥികൾ നവംബർ 19-ന് 5 മണിക്കു മുമ്പായി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ ഡയറക്ടറേറ്റ്, സെന്റർ പ്ലാസ ബിൽഡിംഗ്, 3rd & 4th ഫ്ളോർ, വഴുതക്കാട്, തിരുവനന്തപുരം -14 എന്ന വിലാസത്തിലോ 0471- 2339899, 2339800, 2339292 എന്നീ നമ്പരുകളിലോ soildirector@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതും നവംബർ 22-ന് തിരുവനന്തപുരം പാറോട്ടുകോണത്തുള്ള സോയിൽ മ്യൂസിയത്തിൽ തിരിച്ചറിയൽ രേഖയോടൊപ്പം ഹാജരാകേണ്ടതുമാണ്. വിജയികളാകുന്ന ഒന്നും രണ്ടും സ്ഥാനക്കാർക്ക് സർട്ടിഫിക്കറ്റുകളും ട്രോഫികളും ഡിസംബർ 5-ന് അയ്യൻകാളി ഹാളിൽ (വി ജെ ടി ഹാൾ) വച്ച് വിശിഷ്ട വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ നടക്കുന്ന ചടങ്ങിൽ സമ്മാനിക്കുന്നതാണ്.

## അറിയിപ്പ്

വെള്ളായണി കാർഷിക കോളേജിലെ പച്ചക്കറിശാസ്ത്ര വിഭാഗത്തിൽ നിന്നും കാബേജ്, കോളിഫ്ളവർ, ബീറ്റ്റൂട്ട്, തക്കാളി, പച്ചമുളക്, കത്തിരി, വഴുതന എന്നിവയുടെ തൈകൾ ലഭ്യമാണ്.

# അറിയിപ്പ്

കൊല്ലം ജില്ലയിലെ തൃക്കടവൂർ കൃഷിഭവൻ മുഖാന്തിരം നടത്തുന്ന ജനകീയാസൂത്രണ പദ്ധതികളായ  ഗ്രോബാഗിൽ പച്ചക്കറി കൃഷി, സമഗ്ര പുരയിടകൃഷി, ഫലവൃക്ഷത്തൈകളുടെ വിതരണം തുടങ്ങിയവയ്ക്കു അപേക്ഷ നൽകിയിട്ടുള്ള കർഷകർ നവംബർ 15 മുൻപ് കൃഷിഭവനിൽ ഗുണഭോക്തൃവിഹിതം അടയ്ക്കണമെന്ന് തൃക്കടവൂർ കൃഷിഓഫീസിർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺനമ്പർ: 2700266.